# സ്പന്ദനം

little KITEs

AKAVOOR HIGH SCHOOL

SREEMOOLANAGARAM



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

PRESENTS


AKAVOOR HIGH SCHOOL



1946ൽസംസ്കൃതവിദ്യാലയ
മായിആരംഭിച്ചഹൈസ്കൂൾ
ആയിഉയർത്തപ്പെട്ടഅകവൂർ
ഹൈ സ്കൂളിന്റ സ്ഥാപക
മാനേജർ അകവൂർ കൃഷ്ണ
നമ്പൂതിരിപ്പാട് ആണ്.ഇന്ന് 73)o
വാർഷികം ആഘോഷിക്കുന്ന
ഈ വിദ്യാലയത്തിൽ 560 ഓളം
വിദ്യാർത്ഥികൾ  അധ്യയനം
അർത്ഥയിക്കുന്നു ശ്രീമൂലനഗരം
ഗ്രാമത്തിന്റ സർവോന്മുഖമായ
വികസനത്തിന് കാരണമായി
ഈ സ്കൂൾ അഭിമാനത്തോടെ
പാരമ്പര്യവും പ്രൗഢിയും
വിളിച്ചോതി നിലക്കൊള്ളുന്നു
നാടിന്റ നന്മയ്ക്ക് മുതൽകൂട്ടായ
ഒരുപാട് പ്രമുഖവ്യക്ക്തികൾ
ഈ വിദ്യാലയത്തിന്റ നാൾ

വഴി കളിലൂടെ കടന്നു
പോയിട്ടുണ്ട്.ഇതളുകൾ
മറിയുമ്പോൾ ഈ വിദ്യാലയത്തിന്റ
വേറിട്ടപ്രവർത്തനങ്ങൾ
സമൂഹത്തിന് മുമ്പിൽ
അവതരിക്കുന്നതിനുള്ള ഒരു
എളിയ പരിശ്രമമാണ് സ്പന്ദനം
എന്ന ഈ ഡിജിറ്റൽ മാഗസിൻ



ഓർമകളുടെ താഴ്‌വരയിലേക്ക്...
യാത്രയായ ഞങ്ങളുടെ പ്രിയ

# മധുസാറിന്

പറഞ്ഞു നോക്കുക വെറുതെ
നിങ്ങൾക്കെത്ര കിളികളുടെ പാട്ടറിയാം?
എത്ര മരത്തിൻ തണലറിയാം?
എത്ര പുഴകളുടെ കുളിരറിയാം?
എത്ര പഴത്തിൻ രുചിയറിയാം?
എത്ര പൂവിൻ മണമറിയാം?

പി. മധുസൂദനൻ




# ആദരാഞ്ജലികൾ

LITTLE KITE STUDENTS

അകവൂർ ഹൈസ്കൂൾ, ശ്രീമൂലനഗരം

# ദളങ്ങൾ


- H.M ന്റെ സന്ദേശം
- L.k അംഗങ്ങളുടെ പേര്
- യൂത്ത് ഫെസ്റ്റിവൽ
- ഇംഗ്ലീഷ് ഫെസ്റ്റ്
- Seasons (song)
- കവിതയും ഞാനും
- ഇംഗ്ലീഷ് കവിത
- ഹെൻറി കാവഡിഷ്
- കഥ
- കഥ
- ഇംഗ്ലീഷ് കഥ
- കൃതജ്ഞത


A.H.S SMN Little kites unit ന്റെ പ്രവർത്തനം
വിജയകരമായി രണ്ടാം വർഷം മുന്നേറികൊണ്ടി-
രിക്കുണം Little kites unit ലെ കുട്ടികൾക്ക് ഇത്
അവരുടെ വിവര സാങ്കേതിക പരിജ്ഞാന
വർദ്ധിപ്പിക്കുന്നതിനും ഭാവിയിൽ തൊഴിൽ
സാധ്യതക്കും വളരെ പ്രയോജനം ചെയ്യും
ഈ വിദ്യാലയത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ
Little kites unit ലെ കുട്ടികളുടെ നേതൃത്വത്തിൽ
റെക്കോഡ് ചെയ്യുന്നു . അതോടൊപ്പം ഹൈടെക്ക്
ക്ലാസ് റൂമിന്റെ പ്രവർത്തനത്തിനും അവരുടെ
പങ്കാളിത്തം സജ്ജീവമാണ് ലിറ്റിൽ കൈറ്റ്സ്
മാസറ്റർ ആയ മീര ടീച്ചറും ദീപ്തി ടീച്ചറുടെയും
പ്രോത്സാഹനവും അവർക്ക് വളരെ ആവശ്യമാണ്
എല്ലാ വിധ ആശംസകളും നേർന്ന് കൊള്ളുന്നു.
H.M Safiya Teacher
2019-1-24 12:15


XB
honor 9N

| ലിറ്റിൽ | കൈറ്റ്സ് |
|---|---|
| അതുല്യ ബിജു | അജ്സർ |
| ദേവിക പി.എച്ച് | അമൽ |
| ദിയാന ഫാത്തിമ | അൻസൽ |
| ഹരിത പി.ആർ | അനന്തൻ |
| ഹർഷിത | അരുൺ |
| പ്രവിത | അസാഫ് |
| റഫ്ന കെ.എ | അശ്വിൻ |
| ഷഹന നസീർ | ഫാരിസ് |
| സുൽത്താന ഇബ്രാഹിം | ഹിരൺ |
| മുഹമ്മദ് അസ്ലം | ശ്രീരാജ് |
| നന്ദു കൃഷ്ണ | വരുൺ |
| നവിൻ | അഫ്സൽ |
| നാസിൽ | അഞ്ജന ഇ.ബി |
| നിനാദ് | |

# യൂത്ത് ഫെസ്റ്റിവൽ

28/9/2018 വെള്ളി, 29/9/2018 ശനി എന്നീ 2 ദിവസങ്ങളിലായി youth festival നടന്നു.

സ്കൂൾ പ്രധാന അധ്യാപിക ശ്രീ.വി.കെ സഫിയ അദ്ധ്യക്ഷ പ്രസംഗം നടത്തി.വേദിയിൽസ്കൂൾ മാനേജർ,P T A President, എന്നിവർ ഉണ്ടായിരുന്നു.28/9/2018 വെള്ളി ഉച്ചയോ-ടെ പരിപാടികൾ തുടങ്ങി.കുട്ടികൾ കുറച്ച് ദിവസങ്ങൾ കൊണ്ട് പരിശീലിച്ച് പ്രോഗ്രാമുകൾ നന്നായി നടത്തി.കുട്ടികളുടെ വളരെ നല്ല performance കാഴ്ച വച്ചു.

2
8
പ്രളയത്തിന്റെ ഭീകരതയിൽ നിന്നും കുട്ടികളുടെ മനസ്സിനെ ശാന്തമാക്കാനുംഅവരുടെ കഴിവുകളെ പുറത്തെടുക്കാനും സാധിച്ചു.





# *ENGLISH FEST*



1|1|2019 TUESDAY രാവിലെ 10.30ക്ക്
ഞങ്ങൾ
ENGLISH FEST ആരംഭിച്ചു. ആ പരിപാടി ഉദ്ഘാടനം ചെയ്തത് മുൻ എച്ച്. എം ANTONY SIR ആയിരുന്നു.

ഈ program ചിരിക്കാനും ചിന്തിപ്പിക്കാനും

ഉള്ളതാണെന്ന് മനസ്സിലാക്കി. ഞങ്ങളിലെ English വികസിപ്പിക്കാൻ ആണ് ഈ program

**English dance,**

**English Song,**

**English Speech, English Drama**

**Etc........**

# SEASONS



*Oh! How I miss my childhood days with its bitter cold,dry,winter days. Bright,sunny and warm days wet moist and dark rainy days. I remember lose bitter cold times.*

*When we used to sit by the hearth I remember the beautiful Christmas day's*

*How eagerly I used to wait for Santa presents. I remember the happy childhood times we played and danced by the bloomed flowers . The bright morning and playful evening. The golden sunny summer days up to the sandy beaches. I remember those beautiful rainy days.*

*The drops pouring down the window pane when I played in fro quint showers. And splashed muddy water. Then came the fall ............... The leaves turned golden,brown and orange . Oh! How I miss my beautiful childhood. Those season that made it the most me morale.*



**Story by:**
**AFSAL.K.A**

സർവ്വംസഹ
നിങ്ങൾ എനിക്കു നൽകിയ പര്യായ പദം
ഏതോ കവി ചോദിച്ചതു പോലെ
അതിന്നുമപ്പുറമെന്താണ്?
സഹനത്തിനുമപ്പുറം
ഓർക്കുന്നുണ്ടോ നിങ്ങൾ  ചെയ്ത
തൊക്കെ ?
എന്റെ നിമ്നങ്ങളെ മണ്ണിട്ട് നികത്തി
ഉന്നതങ്ങൾ ഇടിച്ച് നിരപ്പാക്കി
പാലമൃതൂട്ടിയ കൈവഴികൾ പ്ലാസ്റ്റിക്
കരിമ്പടമിട്ട് മൂടി
എന്നിലലിയാൻ കൊതിച്ച കരിയിലകളെ
വേരൂന്നാനാവാത്ത വിധം കുരുക്കി
കിതപ്പാണിപ്പോഴും വിഷപ്പുക ശ്വസിച്ച് ശ്വാസം
മുട്ടിക്കുന്ന കിതപ്പ്. കെട്ടിപ്പൊക്കിയില്ലേ
അംബരചുംബികൾ. കമ്പികൾ
കുത്തിയിറക്കിയത് ഹൃദയത്തിലേക്കാണ്.
ജെ സി ബി തുരന്നെടുത്തത് എന്റെ
കരളാണ്. എല്ലാം സഹിച്ചു. ഒരു പാട്
നൊന്തപ്പോൾ ഞാനൊന്ന് കരഞ്ഞു.

തീരാത്ത നോവ് തോരാത്ത മഴയായി. പിന്നെ പ്രളയമായി.ഞാനെന്റെ കൈവഴികളെ തിരിച്ചുപിടിച്ചു.നീയർപ്പിച്ച ഉച്ഛിഷ്ടങ്ങളെല്ലാം പാലത്തിലും മരക്കൊമ്പുകളിലും ഞാൻ കൊരുത്തിട്ടു.പ്ലാസ്റ്റിക് മാലകൾ നിങ്ങളെ നോക്കി നിറഞ്ഞു ചിരിച്ചു.കാണേണ്ടതായിരുന്നു നിങ്ങളുടെ വെപ്രാളം.കുട്ടകങ്ങളും ഉരുളികളും വഞ്ചികളായി. കുടിലിലും കൊട്ടാരത്തിലും നിങ്ങൾ ഒരു പോലെ നന്മ തിരഞ്ഞു.പരസ്പര സ്നേഹവും കരുതലും കരകവിഞ്ഞപ്പോൾ എന്റെ ഉള്ളു പിടഞ്ഞു. എന്റെ മക്കളെല്ലേ? അരുതായിരുന്നു. വേണ്ടായിരുന്നു. നിങ്ങൾ പാഠം പഠിച്ചെന്ന് ഞാൻ വ്യാമോഹിച്ചു .പക്ഷെ ആ വാക്കിന്റെ പൊരുളെന്തെന്ന് പിന്നീട് ഞാനറിഞ്ഞു. എല്ലാം വ്യർത്ഥം. വ്യാമോഹം മാത്രം. വീണ്ടും മതവും മദിരാക്ഷിയും കൊമ്പുകോർക്കുന്നു.തല പൊട്ടിച്ചിതറുന്നു. വിശ്വാസവും വിശ്വാസിയും തമ്മിലടിക്കുന്നു.

എത്ര കൊണ്ടാലും പഠിക്കാത്തവർ. എന്റെ ശക്തമായൊരു നിശ്വാസം പോലും താങ്ങാൻ കഴിയാത്ത നിങ്ങളാണോ "എല്ലാം ശരിയാക്കുന്നവർ, ". അത്യാഗ്രഹത്തിന്റെയും അഹങ്കാരത്തിന്റെയും മതിൽ കെട്ടിപ്പൊക്കിയും പൈതൃകവും സംസ്കാരവും കണ്ടില്ലെന്ന് നടിച്ചും നിങ്ങൾ പടുത്തുയർത്തുന്നതെല്ലാം " വ്യർത്ഥം " .ഹേ മനുഷ്യാ ,'തിരിച്ചറിവ് ,നിനക്കിനി എന്നാണുണ്ടാവുക. അതോ ഇതും എന്റെ വ്യാമോഹം മാത്രമോ?വെറും വ്യാമോഹം.

എന്ന്

സ്വന്തം

സർവ്വംസഹയായ അമ്മ

# കവിതയും ഞാനും

ഒന്ന്

ലോകം കവിതകൾ മെനയുന്നു
എൻ
മനസ്സിലേക്കവ പകരുന്നു
ഞാനെൻ മുറിയിലിരിക്കുന്നു
പകർത്തി എഴുതുന്നു



രണ്ട്

ചിന്തകൾ തൻ
മുന്തിരിവള്ളികൾ
പടരും പലപാട്ടും
കവിതകൾ തൻ
പൂവുകളവയിൽ
വിടരും ചില നേരം

ഈ കവിത എഴുതിയത്
പി . മധുസൂധനൻ NAIR




# ഉണരുക

ഉണരുവിൻ നിങ്ങൾ
നാടിന്നഭിമാന-
പുളകമാകാൻ വളരുക മക്കളെ !
കരചരണങ്ങൾ ശക്തി
പ്രാപിക്കണം
കഠിന ജീവിതപ്പാതകൾ താണ്ടണം
പുത്തൻ ഭാവി വരവേറ്റിടുന്നതാം
കുസുമ താലമായ് നിങ്ങളൊരുങ്ങുക
പഴയ കാലത്തിൻ നന്മകൾ
ഉൾക്കൊള്ളുക

അഞ്ജന ഇ.ബി



# WHEN I FELT I am no one.....





When I felt I am no one
When I felt ,I not worthy
You put your hands on  me
And melted away my anger.
You showered love on me
By your words,every morning

You showered courage on me
I started solving the problems
You showered motivation on me
When I felt demotivated
You comforted me,
with your words

When I confessed all my pain
You showered hope on me
When I felt I am no me
In a male bound world
You were proud to have me
You made me feel
special

And hardly cared for the rest
Promise I make to you
Let not your head be hung
In shame, but in hand
Best dad's crown.





BY
ANANTHA
KRISHNAN

# ഇനി നമുക്ക് ഹെൻറി കാവഡിഷിനെ പരിചയപ്പെടാം



France നീസിൽ 1731 ഒക്ടോബർ 10-ന്

ഹെൻറി കാവൻഡിഷ് ജനിച്ചു. അച്ഛൻ

ചാൾസ് കാവൻഡിഷ് .

പൊതുവേദികളിൽ നിന്നെല്ലാമകന്ന് ഒരു തരം

അജ്ഞാതവാസമായിരുന്നു ഹെൻറി കാവൻഡിഷിന്റേത്. അതുകൊണ്ട് തന്നെ
അദ്ധേഹത്തിന്റെ ഗവേഷണ പദ്ധതികൾ


കൃത്യമായി രേഖപ്പെടുത്തപ്പെട്ടിട്ടില്ല.

കാവൻഡിഷിന് ശാസ്ത്റഗവേഷണം ഒരു ജോലിയായിരുന്നില്ല. പേരും പെരുമയും
അദ്ദേഹം ഇഷ്ടപ്പെട്ടുമില്ല . ആത്മസംതൃപ്തി
മാത്രം ലക്ഷ്യമാക്കി അദ്ദേഹം ഗവേഷണങ്ങളിൽ
മുഴുകി .

കത്തുന്ന വാതകം ഹൈഡ്റജൻ . പ്റാണവായു
ഓക്സിജൻ . ഹൈഡ്റജനും , ഓക്സിജനും
ചേർന്നാണ് ജലം ഉണ്ടാകുന്നതെന്ന് ബോദ്ധ്യ
പ്പെടുത്തിയത് ശാസത്റം തലക്കുപിടിച്ച ഒരു
കോടീശരനാണ് . വിചിത്റ സഭാവങ്ങളുമായി
ആരുമറിയാതെ ജീവിക്കാനിഷ്ടപ്പെട്ട ഹെൻറി
കാവൻഡിഷ് .

രസതന്ത്രവും ഗണിതവും ഭൗതീകശാസ്ത്റവുമായിരുന്നു
കാവഡിഷിന്റെ
പ്റിയ വിഷയങ്ങൾ . അമ്മാവമിൽ നിന്നു
കിട്ടിയ കോടികളുടെ സരത്ത് അദ്ദേഹത്തിനു-
ണ്ടായിരുന്നു. അതുപയോഗിച്ച അദ്ദേഹം
പുസ്ത്കങ്ങളും ഗവേഷണോപകരണങ്ങളും വാങ്ങിക്കൂട്ടി.
ശാസ്ത്റജ്ഞരുടെ സമിതിയായ
റോയൽ സൊസൈറ്റിയുമായി മാത്റമാണ്
അദ്ദേഹം ബന്ധപ്പെട്ടു വന്നത് .

1760 മുതൽ അവസാനകാലംവരെ സൊസൈ-
റ്റിയിൽ അംഗമായിരുന്നു. സൊസൈറ്റിയിൽ
അവതരിപ്പിച്ച പ്റബന്ധങ്ങളിലൂടെയാണ്
കാവൻഡിഷിന്റെ കണ്ടെത്തലുകൾ ചിലത്
പുറത്തു വന്നത് . എണ്ണമറ്റ ഗവേഷണങ്ങൾ
നടത്തിയിട്ടും 20പ്റബന്ധങ്ങൾ മാത്റം
അവതരിപ്പിച്ച കാവൻഡിഷ് ഒരൊറ്റ പുസ്തകം-
പോലും പ്റസിദ്ധീകരിനില്ല .


Asaf Noushad
IX:C

# പൊങ്ങച്ചംആപത്ത്


വലിയ പൊങ്ങച്ചക്കാരനായിരുന്നു അമറൻ സിംഹം. ഒരു ദിവസം അമറൻ കാട്ടിലൂടെ നടക്കുമ്പോൾ കുറേ മൃഗങ്ങളെ കണ്ടു. അവൻ കരുതി. ഹും എല്ലാവരെയും ഒന്ന് പേടിപ്പി ക്കാം.ഗർർ....അമറൻ ഉറക്കെ ഗർജിച്ചു. അതു കേട്ട് മൃഗങ്ങൾ ചിതറിയോടി. അതു കണ്ട് അമറൻ പൊട്ടിച്ചിരിച്ചു. അതു കണ്ടാണ് ചിമ്പാന അങ്ങോട്ട് വന്നത്.പൊങ്ങച്ചത്തിന്റെ കാര്യത്തിൽ ചിമ്പാനയും മോശമല്ല. കാട്ടിലെ ശക്തൻ നീയാണെന്നാണ് ആരു പറഞ്ഞു ചിമ്പാന ചോദിച്ചു.



ഹും എന്നെക്കാളും ഉച്ചത്തിൽ അലറാൻ ആർക്കു കഴിയും അമറൻ ദേഷ്യത്തോടെ പറഞ്ഞു.ഹഹഹ എനിക്ക് തുമ്പിക്കൈ കൊണ്ട് മരം പിഴുതെടുക്കാൻ കഴി യും.അതുപോലെ വേറേ ആർക്കെങ്കിലും പറ്റുമോ അപ്പോൾ ഞാനല്ലേ ഏറ്റവും ശക്തൻ നിനക്ക് എന്നെപ്പോലെ അലറാൻ കഴിയില്ലല്ലോ അമറൻ കളിയാക്കി. ഹും നിന്നെക്കാളും ശക്തൻ ഞാനാ.രണ്ടു പേരും തമ്മിൽ വലിയ വഴക്കായി. ഇരുവരുടെയും വഴക്ക് കേട്ടു കൊണ്ടാണ് ചിങ്കൻ ഒച്ച് അതുവഴി വന്നത്. ചിങ്കൻ പറഞ്ഞു നിങ്ങൾക്ക് ആർക്കും കഴിയാ

ഒരു കാര്യം എനിക്ക് സാധിക്കും.അപ്പോൾ ഞാനല്ലേ ശക്തൻ.

അതെന്ത് കാര്യം? അമറനും ചിമ്പനും ഒരുമിച്ച് ചോദിച്ചു.ഹഹഹഹ ഞാൻ എന്റെ വീടും ചുമന്ന് കൊണ്ടാ നടക്കുന്നത്. എന്നെപ്പോലെ സ്വന്തം വീടും ചുമന്ന് നടക്കാൻ കഴിയുമോ? അമറനും ചിമ്പനാനയും കഴിയില്ലെന്ന അർഥത്തിൽ തലയാട്ടി. അപ്പോൾ ചിങ്കൻ പറഞ്ഞു. എല്ലാവർക്കും ഓരോരോ കഴിവുകൾ കിട്ടിയിട്ടുണ്ട്. ആ കഴിവ് വച്ച് നോക്കുമ്പോൾ എല്ലാവരും ശക്തരാണ്. അതിൽ അഹങ്കരിക്കാതെ ജീവിക്കുന്നതല്ലേ നല്ലത്. ചിങ്കൻ പറഞ്ഞത് ശരിയാണെന്ന് അമറനും ചിമ്പനാനയ്ക്കും മനസ്സിലായി. രണ്ടു പേരും വഴക്ക് മതിയാക്കി വന്ന വഴിയേ പോയി.





# The Lion And The Cows

Once up on a time there lived four cows in the forest. Every days they used to graze together in a particular spot. They were all are friends. One day a loin saw the cows grazing together




*The lion wanted to eat then so he want to catch them. When the cows saw the lion, all of them fought with him. The lion had to run away.*

*A few day passed and the cow quarried between themselves and stored grazing separately one by one the lion killed all of them.*








*The moral of the story: unity is the strength.*
*Story by: Rafna*


Asaf Noushad
IX:C

വിൻെറ വാങ്ങിപ്പ് പെരുന്നാറം തുടങ്ങി.

ഫാ. പൗലോസ് അറയ്ക്കപ്പറമ്പിൽ പെരുനാളിന് കൊടിയേറ്റി. ഞായറാഴ്ച രാവിലെ 8.15-ന്

ഏലിയാസ് മോർ യൂലിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യും.

തിങ്കളാഴ്ചയും, ചൊവ്വാഴ്ചയും രാവിലെ ഏഴരയ്ക്ക് വിശു

ന്ന് സുവിശേഷ യോഗം. ബുധനാഴ്ച രാവിലെ എട്ടരയ്ക്ക് വിശുദ്ധ കുർബാന, തുടർന്ന് വിദ്യാഭ്യാസ അവാർഡ് വിതരണം, പ്രദക്ഷിണം, നെയ്യപ്പം നേർച്ച എന്നിവ ഉണ്ടാകും.

# അകവൂർ സ്കൂളിൽ ഔഷധോദ്യാനം പദ്ധതി തുടങ്ങി




അകവൂർ സ്കൂളിലെ ഔഷധോദ്യാനം പദ്ധതി അൻവർസാദത്ത് എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു

**കാലടി▸** നാഗാർജുന ആയുർവേദ ഔഷധ ശാലയുമായി സഹകരിച്ച് ശ്രീമൂലനഗരം അകവൂർ ഹൈസ്കൂളിൽ ഔഷധോദ്യാനം ആരംഭിച്ചു.

അൻവർ സാദത്ത് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. കാഞ്ഞൂർ പഞ്ചായത്ത് പ്രസിഡൻറ് എം.പി. ലോനപ്പൻ അധ്യക്ഷനായി. നാഗാർജുന ഡയറക്ടർ ഡോ. കെ. കൃഷ്ണൻ നമ്പൂതിരി മുഖ്യപ്രഭാഷണം നടത്തി.

സ്കൂൾ മാനേജർ സന്തോഷ്, പി.ടി.എ. പ്രസിഡൻറ് പി. മനോഹരൻ, ഡോ. ബേബി ജോസഫ്, സ്കൂൾ ഹെഡ്മിസ്ട്രസ് വി.കെ. സഫിയ, ദീപ സുകുമാർ എന്നിവർ സംസാരിച്ചു.


സംസ്ഥാന തലത്തിൽ എ
ഗ്രേഡ് നേടിയ അകവൂർ
സ്കൂളിലെ ടീം അംഗങ്ങൾ





# നന്ദി

ഈ മാഗസിൻ തയ്യാറാക്കാൻ സഹായിച്ച എല്ലാ കൂട്ടുകാർക്കും അദ്ധ്യാപകർക്കും നന്ദി